പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4054 16.12.2014 ൽ മറുപടിക്ക്

**റെയിൽവേ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ :**<br>**ശ്രീമതി. കെ.എസ്.സലീഖ :**<br>**ശ്രീ. വി.ശിവൻകുട്ടി :**<br>**ഡോ. കെ.ടി.ജലീൽ :** | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേയുടെ അധീനതയിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ അധികാരികൾ കാണിക്കുന്ന അലസത യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിന് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടില്ല. |
| (ബി) | നേമത്ത് ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നേമത്ത് പുതിയ കോച്ചിംഗ് ടെർമിനൽ റയിൽവേ പ്രഖ്യാപിച്ചതനുസരിച്ചു തയ്യാറാക്കിയ പഠന റിപ്പോർട്ട് റയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. |
| (സി) | നേമത്ത് ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ കാണിക്കുന്ന ഉദാസീനത മൂലം തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (സി) | പ്രത്യേക വിലയിരുത്തൽ ഒന്നും നടത്തിയിട്ടില്ല എന്നാൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് 2015-16 റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് തീവണ്ടികളുടെ യാത്രാക്രമീകരണങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്താറുണ്ടോ;വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഇല്ല. തീവണ്ടികളുടെ സമയക്രമം നിശ്ചയിക്കുന്നത് റയിൽവേയാണ്. എന്നിരുന്നാലും യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ സംസ്ഥാന സർക്കാർ പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ